# നോട്ടീസ്

വീട്ടൂർ സർക്കാർ തടി ഡിപ്പോയിൽ വീട്ടാവശ്യങ്ങൾക്ക് മാത്രമായി നടത്തുന്ന തേക്ക് തടികളുടെ ചില്ലറ വിൽപ്പന 11.02.2026-ന് രാവിലെ 10 മണി മുതൽ ആരംഭിക്കുന്നതാണ്. രണ്ട്, മൂന്ന് എന്നീ ക്ലാസ്സുകളിൽപ്പെട്ട തേക്ക് തടികളാണ് ചില്ലറ വിൽപ്പനയ്ക്ക് തയ്യാറാക്കിയിട്ടുള്ളത്. ഒരു ഉപഭോക്താവിന് 5 ക്യൂ. മീറ്റർ വരെ തടി ലഭിക്കുന്നതാണ്. സ്വന്തം വീട്ടു പണിക്ക് ആണെന്ന് തെളിയിക്കുന്ന രേഖകൾ ഉപഭോക്താവ് ഹാജരാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട്ടുപണിക്ക് ലഭിച്ച അനുമതി പത്രം, അംഗീകൃത പ്ലാൻ, പാൻ കാർഡ് എന്നിവയുടെ അസ്സലും പകർപ്പും, ഉപഭോക്താവിന്റെ മേൽവിലാസം തെളിയിക്കുന്നതിനുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖയുടെ അസ്സലും പകർപ്പും ആണ് ഹാജരാക്കേണ്ടത്. ബന്ധപ്പെടേണ്ടതായ ഫോൺനമ്പർ : 0484 2768640, 8547604405, 8547604409, 8547604410

ഡിപ്പോ ഓഫീസർ

വീട്ടൂർ ഡിപ്പോ